പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4461 — 20-10-2011-ൽ മറുപടിയ്ക്ക്

## സി.ഡബ്ല്യൂ.പി.ആർ.എസ്.ൻെറ മാതൃകാപഠന റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ താനൂരിൽ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനുള്ള ഭരണാനുമതി എന്നാണ് ലഭിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | എ) മലപ്പുറം ജില്ലയിലെ താനൂരിൽ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടില്ല. |
| ബി) ഇതിന്റെ അടിസ്ഥാനത്തിലാണോ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചത്; എങ്കിൽ സൈറ്റ് സർവേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂ. നയിലെ സി.ഡബ്ല്യൂ.പി.ആർ.എസ് ഹാർബറിന്റെ മാതൃകാപഠനം നടത്തുക ഉണ്ടായോ; | ബി) മാതൃകാപഠനങ്ങൾക്കും അന്വേഷണ ഗവേഷണ പഠനങ്ങൾക്കുമായി 22 ലക്ഷം രൂപയുടെ ഭരണാനുമതി 4/1/2010ലെ ജി.ഒ.(ആർ.ടി) നമ്പർ 12/2010/ എഫ് & പി.ഡി. പ്രകാരം കേരള സർക്കാർ നൽകിയതിനെ തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയും, പൂനെയിലെ CWPRS എന്ന കേന്ദ്ര സ്ഥാപനം മുഖേന മാതൃകാപഠനവും നടത്തി. |
| സി) എങ്കിൽ സി.ഡബ്ല്യൂ.പി.ആർ.എസ് –ന്റെ മാതൃകാപഠന റിപ്പോർട്ട് ഇതിനകം ലഭ്യമായിട്ടുണ്ടോ; | സി) കരട് റിപ്പോർട്ട് 25/2/2010-ലും ഫൈനൽ മോഡൽ സ്റ്റഡി റിപ്പോർട്ട് 31/5/2010-ലും ലഭ്യമായിട്ടുണ്ട്. |

| | |
|---|---|
| ഡി) പദ്ധതിയുടെ പരിസ്ഥിതി പഠനം നടത്തിയ ശേഷമുള്ള എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് റിപ്പോർട്ട് ഇതിനകം ലഭ്യമായിട്ടുണ്ടോ; | ഡി) EIA റിപ്പോർട്ട് 8/3/2011-ൽ ലഭിച്ചിട്ടുണ്ട് |
| ഇ) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പൊലൂഷൻ കൺട്രോൾ ബോർഡിന്റെ കൺസൾട്ട് റ്റു എസ്റ്റാബ്ളിഷ്മെന്റ് റിപ്പോർട്ട് ഇതിനകം ലഭിച്ചിട്ടുണ്ടോ; | ഇ) പൊലൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രം 13/9/2011-ൽ ലഭ്യമായിട്ടുണ്ട്. |
| എഫ്) പദ്ധതിയിടെ Techno - Economic - Feasibility Report തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എഫ്) പദ്ധതിയുടെ Techno Economic Feasibility Report നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| ജി) പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി ഇനി എന്തൊക്കെ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്;<br>എച്ച്) എങ്കിൽ ഇവ പൂർത്തിയാക്കി എന്നത്തേക്ക് പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കാനാകും എന്നാണ് സർക്കാർ കരുതുന്നത് ; വിശദാംശങ്ങൾ നൽകുമോ ? | ജി)&എച്ച്) CRZ Status report, CESS-ൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. ഇതിനുള്ള ഫീസ് 78,175/- രൂപ ഒടുക്കിയിട്ടുണ്ട് ഇത് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന ശാസ്ത്രസാങ്കേതിക വകുപ്പിനു കീഴിലുള്ള കമ്മിറ്റി മുമ്പാകെ അംഗീകാരം തേടേണ്ടതുണ്ട്. സംസ്ഥാന കമ്മിറ്റിയുടെ ശുപാർശയോടെ കേന്ദ്ര പരിസ്ഥിതി വകുപ്പിൽ പദ്ധതിയുടെ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിനായി സമർപ്പിക്കുന്നതാണ്. പരിസ്ഥിതി ക്ലിയറൻസ് പ്രതീക്ഷിച്ചുകൊണ്ട് പദ്ധതിയുടെ Techno Economic Feasibility Report സംസ്ഥാന സർക്കാർ വഴി 75% കേന്ദ്ര പദ്ധതിയായി നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിലേയ്ക്ക് എത്രയുംവേഗം സമർപ്പിക്കുന്നതാണ്. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി പ്രതീക്ഷിക്കുന്നു. അനുമതി ലഭിച്ചു കഴിഞ്ഞാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>[signature]<br>സെക്ഷൻ ഓഫീസർ |